# കഴിഞ്ഞ മാസത്തെ സംസാരവിഷയങ്ങൾ

ഒരു തെരഞ്ഞെടുപ്പ് കൂടിയായല്ലോ എന്നു പറഞ്ഞുകൊണ്ടാണ് ഈ മാസം തുടങ്ങിയത്. തെരഞ്ഞെടുപ്പ് സെപ്റ്റംബറിലേ ഉണ്ടാകൂ എന്നറിഞ്ഞപ്പോൾ അതുവരെ തെരഞ്ഞെടുപ്പ് ചൂട് എങ്ങിനെ നിലനിർത്താനാകും എന്നാണ് രാഷ്ട്രീയക്കാർ പ്രധാനമായും ചർച്ച ചെയ്തത്.

വിദേശത്തു ജനിച്ച സോണിയ ഇന്ത്യൻ പ്രധാനമന്ത്രിയാകുന്നത് ശരിയോ എന്ന വിഷയം നാടൊട്ടുക്കും സംസാരവിഷയമാകാൻ ശ്രമിക്കുന്നതിനിടയ്ക്കാണ് കോൺഗ്രസിലെ തന്നെ ഒരു ഹിന്ദുവും ഒരു മുസ്ലീം ഒരു കൃസ്ത്യാനിയും കൂടി ആ ചോദ്യത്തിന് പേറ്റന്റവകാശം നേടിയത്. അങ്ങിനെ നാട്ടിൽ ഒരു കോൺഗ്രസും കൂടിയായി.

ആഭ്യന്തര കുഴപ്പങ്ങളും തെരഞ്ഞെടുപ്പും നേരിടേണ്ടി വരുമ്പോൾ അമേരിക്കൻ ഭരണാധികാരികൾ ചെയ്യുന്നതു പോലെ ആരോടെങ്കിലും ഒരു യുദ്ധത്തിനു പോവുകയല്ലേ ബുദ്ധി എന്നതിനെക്കുറിച്ച് നമ്മുടെ രാജാക്കന്മാരും ഏറെ സംസാരിച്ചുവത്രെ. അങ്ങിനെ ഇന്ത്യയും പാക്കിസ്ഥാനും തമ്മിലുണ്ടായ 'ഗംഭീരയുദ്ധമാണ്' പത്രങ്ങളിലെ ആദ്യപുറങ്ങളിൽ പ്രധാന

സംസാര വിഷയം. നമ്മൾ ഇത്രയും ബുദ്ധിമുട്ടി ഒപ്പിച്ചെടുത്ത ഈ യുദ്ധം ഒരു വിധം ചൂടുപിടിച്ചു നിർത്തുന്നതിനിടയിൽ, പാക്കിസ്ഥാൻ ഗവൺമെന്റ് അറിയാതെയാണ് ഈ ഇന്ത്യാ – പാക് യുദ്ധം നടക്കുന്നതെന്ന് പ്രതിരോധ മന്ത്രി തുറന്നു പറഞ്ഞതോടെ സംഗതി ആകെ അലമ്പാകുകയും ചെയ്തു.

പക്ഷെ, ക്രിക്കറ്റ് യുദ്ധത്തിനേക്കാൾ വലിയ സംസാര വിഷമാവാൻ കാർഗിൽ യുദ്ധത്തിനു കഴിഞ്ഞില്ല. സച്ചിന്റെ രാജ്യസ്നേഹമായിരുന്നു ക്രിക്കറ്റ് പ്രേമികളെ കഴിഞ്ഞമാസം രോമാഞ്ചകഞ്ചുകിതരാക്കിയത്.

കുഞ്ഞിനെ ഇംഗ്ലീഷ് മീഡിയത്തിലാക്കണോ ഡി.പി.ഇ.പി. സ്കൂളിൽ വിടണോ എന്നായിരുന്നു അഞ്ചു വയസു തികഞ്ഞ കുട്ടികളുടെ രക്ഷാകർത്താക്കളുടെ മുഖ്യ സംസാര വിഷയം.

മമ്മൂട്ടിയുടെ എല്ലാ പടവും ഡക്കടിക്കുന്നത് എന്താണ് എന്നാണ് മമ്മൂട്ടി ഫാൻസിന്റെ സംസാരം.

ജോൺസ് കുടയുടെ പരസ്യം എന്തേ ഇത്ര വൃത്തികെട്ടതായിപ്പോയി എന്നാണ് പരസ്യ പ്രണയികളുടെ സംസാരം.